പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6358 08.07.2014 ൽ മറുപടിക്ക്

## കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെട്ട/കൊല ചെയ്യപ്പെട്ട പോലീസുദ്യോഗസ്ഥർ

| ചോദ്യം<br>ശ്രീമതി കെ.എസ്.സലീഖ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥർ കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെട്ടു/കൊല ചെയ്യപ്പെട്ടു; അവർ ആരെല്ലാം; എപ്രകാരമാണ് ഓരോരുത്തരും മരണപ്പെട്ടതെന്ന് വ്യക്തമാക്കുമോ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) കൊലക്കത്തിക്കിരയായ പോലീസ് ഡ്രൈവർ മണിയൻപിള്ള മരണപ്പെട്ടിട്ട് എത്ര വർഷമായി ; പ്രതി ആരാണ്; പ്രതിയെ പിടികൂടുകയുണ്ടായോ; ഇല്ലെങ്കിൽ പ്രതിയെ നാളിതുവരെ പിടികൂടാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ; പ്രതികളെ പിടി കൂടാത്തതിൽ പോലീസിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) പോലീസ് ഡ്രൈവർ മണിയൻപിള്ള മരണപ്പെട്ടിട്ട് രണ്ട് വർഷമായി. ഇതു സംബന്ധിച്ച കേസിലെ പ്രതികൾ 1.ആന്റണി @ ആട് ആന്റണി, 2.സൂസി, 3.ശ്രീകല, 4.ഗിരിജ എന്നിവരാണ്. ഒന്നാം പ്രതി ആന്റണിയൊഴികെ ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആന്റണിയെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത അന്വേഷണം നടത്തി വരുന്നു. ഇക്കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ല. രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ വളരെ വിപുലമായ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്. |

| | |
|---|---|
| (സി) ഇക്കാലയളവിൽ കൃത്യനിർവ്വഹണത്തിൽ മരണപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ; | (സി) അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. |
| ഡി) കൊല ചെയ്യപ്പെട്ട മണിയൻപിളള എന്ന പോലീസ് ഡ്രൈവറുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കുമെന്ന മുൻ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം നാളിതുവരെ നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ; ഇതിൽ ഇപ്പോഴത്തെ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | ഡി) കൊല ചെയ്യപ്പെട്ട മണിയൻപിളള എന്ന പോലീസ് ഡ്രൈവറുടെ മക്കളുടെ വിദ്യാഭ്യാസ ചെലവുകൾക്കായുളള സ്വാമ്പത്തിക സഹായത്തിനായി അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ നൽകിയ അപേക്ഷ അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന തരത്തിലുളള സാമ്പത്തിക സഹായങ്ങൾ നൽകിയിരിക്കുന്ന സാഹചര്യത്തിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്. |
| ഇ) ഇത്തരത്തിൽ കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെടുന്ന/കൊല ചെയ്യപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങളെ സഹായിക്കാൻ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | ഇ) കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെടുന്ന/കൊല ചെയ്യപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി മരണപ്പെട്ടയാൾ സേവനത്തിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളവും അലവൻസുകളും അദ്ദേഹം സർവ്വീസിൽ നിന്നും വിരമിക്കുമായിരുന്ന കാലം വരെ നൽകുവാനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എക്സ്ഗ്രേഷ്യയായി തുകയും അനുവദിക്കാറുണ്ട്. ഇതിനു പുറമേ ആശ്രിതരായ ഒരാൾക്ക് ജോലി നൽകുവാനുളള നടപടികളും സ്വീകരിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| മരണപ്പെട്ട / കൊല്ലപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് | റാങ്ക് | മരണപ്പെട്ട / കൊല്ലപ്പെട്ട രീതി | കുടുംബങ്ങൾക്ക് നൽകിയ സഹായങ്ങളുടെ വിവരം |
|---|---|---|---|
| മുഹമ്മദ് താഹ | എസ്.ഐ. (ഗ്രേഡ്) | ഡ്യൂട്ടിക്കിടയിൽ നെഞ്ചുവേദന വന്നു മരണപ്പെട്ടു. | 5000/- (അയ്യായിരം) രൂപ കെ.പി.ഡബ്ല്യൂ & എ. ഫണ്ടിൽ നിന്നും നൽകി. |
| മണിയൻ പിള്ള | ഡ്രൈവർ എച്ച്.സി. | ഡ്യൂട്ടിക്കിടയിൽ പ്രതിയുടെ കത്തികൊണ്ടുള്ള കുത്തേറ്റുള്ള മരണം | അദ്ദേഹം സേവനത്തിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളവും അലവൻസുകളും വിരമിക്കുന്ന കാലം വരെ നൽകും. കൂടാതെ 10 ലക്ഷം രൂപ എക്സ്ഗ്രേഷ്യ നൽകിയിട്ടുണ്ട്. |
| മിന്റു | സി.പി.ഒ. | ഡ്യൂട്ടിക്കിടയിൽ ഹൃദയാഘാതം വന്നു മരണപ്പെട്ടു. | ഒന്നര ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. |
| എൻ. സുരേഷ് കുമാർ | എ.എസ്.ഐ. (ഗ്രേഡ്) | ശബരിമലയിൽ വെച്ച് ഡ്യൂട്ടിക്കിടയിൽ ഹൃദയാഘാതം വന്നു മരണപ്പെട്ടു. | ഒന്നര ലക്ഷം രൂപ എക്സ് ഗ്രേഷ്യയും 5000/- (അയ്യായിരം) രൂപ കെ.പി.ഡബ്ല്യൂ & എ. ഫണ്ടും അനുവദിച്ചിട്ടുണ്ട്. |
| ജെ.എസ്. ജഗലാൽ | എസ്.സി.പി.ഒ. | ഡ്യൂട്ടിക്കിടയിൽ ഹൃദയാഘാതം വന്നു മരണപ്പെട്ടു. | 5000/- (അയ്യായിരം) രൂപ കെ.പി.ഡബ്ല്യൂ & എ. ഫണ്ടിൽ നിന്നും നൽകി. |
| ഉണ്ണികൃഷ്ണൻ | എസ്.സി.പി.ഒ. | അപകട മരണം | 5000/- (അയ്യായിരം) രൂപ കെ.പി.ഡബ്ല്യൂ & എ. ഫണ്ടിൽ നിന്നും നൽകി. |
| പി.എസ്. നിഷാദ് | സി.പി.ഒ. | അപകട മരണം | 5000/- (അയ്യായിരം) രൂപ കെ.പി.ഡബ്ല്യൂ & എ. ഫണ്ടിൽ നിന്നും നൽകി. |
| ഗോപകുമാർ | സി.പി.ഒ. | പ്രതിക്ക് എസ്കോർട്ട് ഡ്യൂട്ടി പോകുമ്പോൾ ഡിപ്പാർട്ട്മെന്റ് വാഹനം മറിഞ്ഞുള്ള മരണം | ചികിത്സാ ചെലവിന് 25000/- രൂപയും മരണാനന്തര ചെലവിന് 5000/- രൂപയും നൽകിയിട്ടുണ്ട്. |
| സുരേന്ദ്രൻ | സി.പി.ഒ. | അപകട മരണം | ഒരു ലക്ഷം രൂപ കെ.പി.ഡബ്ല്യൂ & എ. ഫണ്ടിൽ നിന്നും നൽകി. |

സെക്ഷൻ ഓഫീസർ